**1) ഏലിയാവ് എന്ന വാക്കിന്റെ അർത്ഥം?**
<u>**A) യഹോവ എന്റെ ദൈവം**</u>
B) ദൈവം രക്ഷകനാകുന്നു
C) അവൻ നൽകി
D) ദൈവത്തിന്റെ സമ്മാനം

**2) ദാവീദ് രാജാവിന്റെ ജീവിതത്തിൽ സംഭവിച്ച തെറ്റിനെ ചൂണ്ടിക്കാണിച്ച പ്രവാചകൻ.**
<u>**A) നാഥാൻ**</u>
B) യെശയ്യാവ്
C) ഏലിയാ
D) ഏലീശാ

**3) ബാലിന്റെ പ്രവാചകന്മാരെ വെല്ലുവിളിച്ച് 'യഹോവ തന്നെ ദൈവം' എന്നു തെളിയിച്ച് അത്ഭുതം പ്രവർത്തിച്ച പ്രവാചകൻ?**
<u>**A) ഏലിയാ**</u>
B) ദെബോറ
C) യെശയ്യാവ്
D) യിരമ്യാവ്

**4) യിസ്രായേൽ രാജ്യം വിഭജിക്കപ്പെടുവാൻ പ്രധാന കാരണം?**
<u>**A) ശലോമോൻ രാജാവിന്റെ ജീവിതത്തിലെ വീഴ്ചകളും തെറ്റായ സാമ്പത്തിക ഇടപാടുകളും**</u>
B) ശലോമോൻ രാജാവിന്റെ കുടുംബജീവിതത്തിലെ പാളിച്ചകൾ.
C) രാജ്യത്തെ നികുതി വ്യവസ്ഥകൾ.
D) രാജ്യത്തിനകത്തുതന്നെ വിഘടിതവിഭാഗത്തിന്റെ പ്രവർത്തനങ്ങൾ.

**5) 'യോശിയാരാജാവിന്റെ കാലത്ത് യറുശലേമിന്റെ നാശം സംഭവിക്കുകയില്ല' എന്ന് ദൈവം പ്രവാചകൻ മുഖാന്തിരം ഉറപ്പുകൊടുക്കുവാൻ കാരണം?**
<u>**A) യോശിയാ ന്യായപ്രമാണപ്രകാരം ജീവിച്ചു.**</u>
B) യോശിയാവിന്റെ പൂർവ്വപിതാക്കന്മാർ ദൈവത്തെ അനുസരിച്ചു ജീവിച്ചു.
C) യരുശലേമിന്റെ നാശം ദൈവപദ്ധതിയിൽ ഉണ്ടായിരുന്നില്ല.
D) പ്രവാചകന്മാരുടെ പ്രാർത്ഥന നിമിത്തം ദൈവം നൽകിയ ഉറപ്പ്.

**6) പൂർണഹൃദയത്തോടും പൂർണ മനസ്സോടും പൂർണ ശക്തിയോടുംകൂടെ മോശയുടെ ന്യായപ്രമാണപ്രകാരം യഹോവയിങ്കലേക്കു തിരിഞ്ഞു എന്ന് രാജാക്കന്മാരുടെ പുസ്തകത്തിൽ വിശേഷിപ്പിക്കപ്പെടുന്ന രാജാവ്?**
<u>**A) യോശിയാവ്**</u>
B) ആഹാബ്
C) ശലോമോൻ
D) ദാവീദ്

**7) യിസ്രയേൽ രാജ്യത്ത് യരോബയാം രാജാവു ചെയ്ത ന്യായപ്രമാണ ലംഘനം തെരഞ്ഞെടുക്കുക.**
<u>**A) തന്നിരിക്കുന്ന ഉത്തരങ്ങൾ എല്ലാം ശരിയാണ്.**</u>
B) സ്വർണംകൊണ്ട് കാളക്കുട്ടിയെ ഉണ്ടാക്കി.

C) വിഗ്രഹങ്ങൾക്ക് ധൂപം അർപ്പിച്ചു.
D) ലേവ്യരല്ലാത്തവരെ പുരോഹിതർ ആക്കി.

**8) താൻ പറഞ്ഞതല്ലാതെ ഇസ്രയേലിൽ മഞ്ഞും മഴയും ഉണ്ടാവുകയില്ല എന്ന് ഏലിയാപ്രവാചകൻ ശാസിച്ച രാജാവ്?**
**<u>A) ആഹാബ്</u>**
B) യെരോബയാം
C) ശീശക്ക്
D) രെഹബയാം

**9) യിസ്രയേൽ രാജ്യത്തെ സംബന്ധിച്ച് തെറ്റായ പ്രസ്താവന തെരഞ്ഞെടുക്കുക.**
**<u>A) യിസ്രയേലിന്റെ ആദ്യത്തെ രാജാവായിരുന്നു ദാവീദ്.</u>**
B) ശലോമോൻ രാജാവിനുശേഷം രാജ്യം വിഭജിക്കപ്പെട്ടു.
C) ഹോശയാ ആയിരുന്നു അവസാനത്തെ രാജാവ്.
D) ഏലിയാപ്രവാചകനെ കൊല്ലുവാൻ പരിശ്രമിച്ചിട്ടുണ്ട്.

**10) ദൈവം 15 വർഷം ആയുസ്സ് നീട്ടിക്കൊടുത്ത രാജാവ്?**
**<u>A) ഹിസ്കിയാവ്</u>**
B) യോശിയാവ്
C) യഹോവാനാസ്
D) സിദെക്കിയാവ്

**11) ബാബേൽ പ്രവാസത്തിനു കാരണമായി യഹൂദ്യാ രാജ്യത്ത് ആക്രമണം നടത്തിയ രാജാവ്.**
**<u>A) നെബുക്കദ്നേസർ</u>**
B) യേഹു
C) രെഹബയാം
D) യോവാശ്

**12) യൂദാഇസ്കര്യോത്തായ്ക്കു പകരം ആളെ തെരഞ്ഞെടുക്കാൻ നിശ്ചയിച്ച മാനദണ്ഡം എന്തായിരുന്നു? ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.**
**<u>A) കർത്താവിന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതു മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കാലഘട്ടത്തിൽ അപ്പൊസ്തോലന്മാരോടൊപ്പം നടന്ന ആൾ ആയിരിക്കണം.</u>**
B) കർത്താവിന്റെ പരസ്യശുശ്രൂഷയിൽ ചെയ്ത എല്ലാ അത്ഭുതപ്രവർത്തനങ്ങൾക്കും സാക്ഷിയായിരിക്കണം.
C) കർത്താവിന്റെ ക്രൂശുമരണത്തിനും സ്വർഗ്ഗാരോഹണത്തിനും സാക്ഷിയായിരിക്കണം.
D) കർത്താവ് ശിഷ്യന്മാർക്കു പ്രത്യക്ഷനായപ്പോൾ അവരോടൊപ്പം ഉണ്ടായിരുന്ന ആളായിരിക്കണം.

**13) യൂദായ്ക്കു പകരമായി കർത്താവിന്റെ ശിഷ്യഗണത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ട ആൾ?**
**<u>A) മത്ഥിയാസ്</u>**
B) യാക്കോബ്
C) ബർത്തുൽമായ്
D) ഫിലിപ്പോസ്

**14) പെന്തിക്കോസ്തിയെ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന ഏത്?**
**<u>A) ഓശാനയ്ക്കുശേഷം 50-ാം ദിവസമാണ് ഇതു വന്നിരുന്നത്.</u>**
B) ഇത് യഹൂദന്മാരുടെ കൊയ്ത്തുപെരുന്നാൾ ആയിരുന്നു.
C) പെന്തിക്കോസ്തി എന്ന വാക്കിന് 50-ാം ദിവസം എന്നാണ് അർത്ഥം.

D) യിസ്രായേൽ മക്കൾക്ക് ദൈവം കല്പലകകൾ കൊടുത്തതിനെയും ഈ ദിവസം ഓർമ്മിക്കുന്നു.

**15) ത്രിത്വം വെളിപ്പെട്ട ദിനമായി സഭ കണക്കാക്കുന്ന ദിവസം?**
**A) കർത്താവിന്റെ മാമോദീസ**
B) ഉയിർപ്പ്
C) സ്വർഗ്ഗാരോഹണം
D) ക്രൂശുമരണം

**16) ആദിമസഭയിലെ ജീവിതരീതിയുമായി യോജിക്കാത്ത പ്രസ്താവന തെരഞ്ഞെടുക്കുക.**
**A) എല്ലാ കൂട്ടായ്മകളിലും അന്യഭാഷ സംസാരിച്ചിരുന്നു.**
B) അപ്പൊസ്തോലന്മാരുടെ ഉപദേശം കേട്ടിരുന്നു.
C) അപ്പം നുറുക്കി വന്നിരുന്നു.
D) പ്രാർത്ഥനാജീവിതം നയിച്ചിരുന്നു.

**17) ആദിമസഭയുടെ ഒന്നാമത്തെ മുഖമുദ്രയായി കണക്കാക്കിയിരുന്നത് തെരഞ്ഞെടുക്കുക.**
**A) അപ്പൊസ്തോലിക അധികാരം**
B) ഏകമനസ്സോടെയുള്ള ജീവിതം
C) സ്വത്തുക്കളെ പൊതുവക എന്നു കരുതിയിരുന്നത്.
D) കുടുംബസഭകളുടെ രൂപീകരണം.

**18) ശെമ്മാശ്ശന്മാരിൽ പ്രധാനിയും സഹദേന്മാരിൽ മുമ്പനും എന്ന് ആരെക്കുറിച്ചാണ് വർണിക്കുന്നത്?**
**A) സ്തേപ്പാനോസ്**
B) ഫിലിപ്പോസ്
C) പൗലോസ്
D) തിമൊഥെയോസ്

**19) രക്തസാക്ഷിത്വസമയത്ത് സ്തേഫാനോസിന്റെ പ്രാർത്ഥന പൂർത്തീകരിക്കുക.**
**...................................... മനുഷ്യപുത്രൻ ദൈവത്തിന്റെ വലതുഭാഗത്തു നിൽക്കുന്നതും ഞാൻ കാണുന്നു.**
**A) സ്വർഗ്ഗം തുറന്നിരിക്കുന്നതും.**
B) മാലാഖമാർ ദൈവത്തെ സ്തുതിക്കുന്നതും
C) പിതാക്കന്മാർ ദൈവസന്നിധിയിൽ നിൽക്കുന്നതും
D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല.

**20) തന്നിരിക്കുന്നവയിൽ പത്രോസ് ശ്ലീഹായുടെ സാന്നിധ്യത്തിൽ അല്ലാതെ നടന്ന സംഭവം തെരഞ്ഞെടുക്കുക.**
**A) എത്യോപ്യ രാജ്ഞിയുടെ ഭണ്ഡാരവിചാരകനായ ഷണ്ഡൻ മാനസാന്തരപ്പെട്ടു.**
B) പക്ഷപാതം പിടിച്ചുകിടന്ന ഐനയാസ് സുഖപ്പെട്ടു.
C) തബീഥ മരണത്തിൽനിന്നും തിരികെവന്നു.
D) അനന്യാസും സഫീറയും ദൈവശിക്ഷ ഏറ്റുവാങ്ങി.

**21) പത്രോസ് ശ്ലീഹയുടെയും പൗലോസ് ശ്ലീഹയുടെയും ഓർമ്മ ആചരിക്കുന്ന ദിവസം?**
**A) ജൂൺ 29**
B) ഓഗസ്റ്റ് 15
C) സെപ്റ്റംബർ 8
D) മാർച്ച് 25

**22) യെശയ്യാപ്രവാചകൻ കണ്ട ദർശനത്തിലെ മാലാഖാകൂട്ടത്തിന്റെ പേര്?**
**<u>A) സ്രോപ്പേന്മാർ</u>**
B) റീശ് മാലാഖമാർ
C) ക്രൂബേന്മാർ
D) ഹൈഹലേന്മാർ

**23) മാലാഖമാരുടെ സ്തുതിപ്പിന്റെ തന്നിരിക്കുന്ന ഭാഗത്തെ വിട്ടുപോയ ഭാഗം അനുയോജ്യമായ വാക്കുകൾ തെരഞ്ഞെടുത്ത് പൂരിപ്പിക്കുക.**
**ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവേ, നീ വാഴ്ത്തപ്പെട്ടവനാകുന്നു. ...................... നീ എന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.**
**<u>A) നിന്റെ തിരുനാമം മഹത്വമുള്ളതും</u>**
B) യേശുമിശിഹാ ആകുന്ന നീ
C) ദൈവത്തിന്റെ കുഞ്ഞാടായ കർത്താവേ
D) എന്നേക്കും സ്തുതിക്കു യോഗ്യനായ കർത്താവേ

**24) 'ഓർത്തഡോക്സ്' എന്ന വാക്കിന്റെ അർത്ഥം?**
**<u>A) ശരിയായ സ്തുതി</u>**
B) പൗരസ്ത്യ സഭ
C) വിശ്വാസി സമൂഹം
D) ത്രിത്വ വിശ്വാസം

**25) തന്നിരിക്കുന്നവയിൽ മാലാഖമാരുടെ സ്തുതിപ്പ് ചൊല്ലാത്ത അവസരം.**
**<u>A) മാമ്മോദീസാ ശുശ്രൂഷ സമയത്ത്.</u>**
B) ക്രിസ്തുവിന്റെ തീജ്വാല ശുശ്രൂഷ
C) ശവസംസ്കാര ശുശ്രൂഷയുടെ അവസാന ഭാഗം
D) ദുഃഖവെള്ളിയാഴ്ച ശുശ്രൂഷ സമയത്ത്.

**26) ഒരുവൻ അപ്പം വെടിഞ്ഞ് ഉപവസിക്കുകയും വചനംകൊണ്ടു പാപം ചെയ്യുകയും ചെയ്യുന്നുവെങ്കിൽ എന്തു പ്രയോജനം? ഈ പ്രസ്താവനകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് എന്ന് ഏറ്റവും അനുയോജ്യമായ പ്രസ്താവന തെരഞ്ഞെടുക്കുക.**
**<u>A) ഭക്ഷണം വെടിഞ്ഞ് ഉപവസിക്കുന്നതുകൊണ്ടു മാത്രം പ്രയോജനമില്ല, സംസാരത്തിൽ പാപം ചെയ്യരുത്.</u>**
B) നോമ്പിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഭക്ഷണം വെടിയുക എന്നതാണ്.
C) നോമ്പിൽ നാം സംസാരത്തെ നിയന്ത്രിക്കണം.
D) നോമ്പിൽ നാം എങ്ങനെ സമയം ചെലവഴിക്കുന്നു എന്നത് വളരെ പ്രധാനമാണ്.

**27) വലിയനോമ്പിനെ സംബന്ധിച്ച് ശരിയല്ലാത്ത പ്രസ്താവന ഏത്?**
**<u>A) വലിയ നോമ്പിൽ ബുധനും വെള്ളിയും ഒഴിച്ചുള്ള ദിവസങ്ങളാണ് ഉപവസിക്കുന്നത്.</u>**
B) വലിയ നോമ്പിൽ ശനി ഞായർ ഒഴികെയുള്ള ദിവസങ്ങളിൽ ഉച്ചനമസ്കാരത്തിനുശേഷം 40 കുമ്പിടും.
C) നോമ്പിന്റെ പ്രത്യേക നമസ്കാരങ്ങൾ ശനി, ഞായർ ഒഴിച്ചുള്ള ദിവസങ്ങളിൽ മാത്രമാണ്.
D) എല്ലാ ഉത്തരങ്ങളും ശരിയാണ്.

**28) ദാവീദിന്റെ നാലാം സങ്കീർത്തനം ......................... നമസ്കാരത്തിന്റെ ഭാഗമായി നാം ഉപയോഗിക്കുന്നു. പൂരിപ്പിക്കുക.**
**<u>A) സൂത്താറ</u>**
B) സന്ധ്യ
C) പ്രഭാതം

D) ഉച്ച

**29) മുടികൾ മുടഞ്ഞവ നിരനിരയായ്**
**ബലിപീഠത്തിലിരിപ്പുണ്ട് ................ എന്ന ബോവൂസോ ഏതു കുക്കിലിയോന്റെ ഭാഗമാണ്.**
<u>A) പട്ടക്കാരുടെ</u>
B) പരിശുദ്ധന്മാരുടെ
C) ദൈവമാതാവിന്റെ
D) ഉത്തരങ്ങൾ ഒന്നും ശരിയല്ല

**30) തന്നിരിക്കുന്നവയിൽ പരേതർക്കുവേണ്ടിയുള്ള കുക്കിലിയോന്റെ ഭാഗമായുള്ള ഗീതത്തിന്റെ ആദ്യ വരി തെരഞ്ഞെടുക്കുക.**
<u>A) എല്ലാ ഉത്തരങ്ങളും ശരിയാണ്.</u>
B) ഉയിരേകുന്നോൻ രാജാ...
C) നാഥാ താവകമിരുലോകം...
D) രക്ഷകനേ നിൻ ഗാത്രത്തെ...

**31) ഗീതം പൂരിപ്പിക്കുക.**
**മൃതരേ ജീവിപ്പിപ്പാനെഴുന്നെള്ളും രാജാ**
**മുകിലഴകിൻ മേലാഘോഷിതനായീടുന്നു.**
**....................................**
**അങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.**
<u>A) നയവാന്മാർ തൻ മുൻകൊമ്പിൻ നാദം കേട്ടിട്ട്</u>
B) വിലയേറും രക്തക്കാസാ പാനം ചെയ്യും
C) കബറുകളുള്ളിൽ നിന്നിങ്ങവരവരുയിരോടെഴുന്നേറ്റു
D) അണിയേണം നിന്നേ നോക്കുന്നവരിൽ കാന്തി.

**32) ആരാധനയിലെ തന്നിരിക്കുന്ന ഗീതഭാഗത്തിലെ തെറ്റു കണ്ടുപിടിക്കുക.**
**എന്റെ ശരീരം ഭക്ഷിച്ചെൻ രക്തം പാനം ചെയ്വോൻ**
**പാതാളത്തിൽ പോകാനായ് വിടാം ഞാൻ**
**എന്നുമവൻ ജീവിപ്പാനങ്ങെത്തീട്ടു മരിച്ചതു ഞാൻ**
**എന്നും കർത്താ - തന്നരുളിന്നു മഹത്വം.**
<u>A) പോകാനായ് വിടാം ഞാൻ</u>
B) എന്നുമവൻ ജീവിപ്പാനങ്ങെത്തീട്ടു മരിച്ചതു
C) എന്നും കർത്താ - തന്നരുളിന്നു
D) ഭക്ഷിച്ചെൻ രക്തം പാനം

**33) പുറജാതികളിൽ സഭയിൽ ചേരുന്നവർ ആചരിക്കേണ്ട രീതികളെക്കുറിച്ചു തീരുമാനമെടുത്ത സുന്നഹദോസ്**
<u>A) യറുശലേം സുന്നഹദോസ്</u>
B) നിഖ്യാസുന്നഹദോസ്
C) കുസ്തന്തീനോപോലീസ്
D) എഫെസൂസ്

**34) ഡിഡാക്കെ എന്നറിയപ്പെടുന്ന പുസ്തകം ഏത്?**
<u>A) 12 അപ്പൊസ്തോലന്മാരുടെ പഠിപ്പിക്കൽ</u>
B) വിശുദ്ധ ഇഗ്നാത്തിയോസിന്റെ 7 ലേഖനങ്ങൾ
C) ഹെർമ്മാസിന്റെ ലേഖനം
D) വി. ക്ലിമ്മീസിന്റെ ലേഖനങ്ങൾ

**35) ആദിമ ക്രൈസ്തവ സഭ യഹൂദന്മാരിൽനിന്നും പീഢകൾ ഏൽക്കുവാൻ കാരണം?**
<u>A) ക്രിസ്തുമതം യഹൂദമതത്തിൽനിന്നും വിഭിന്നമാണെന്ന്</u>

**<u>മനസ്സിലാക്കിയതുകൊണ്ട്.</u>**
B) യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റത് മനസ്സിലാക്കിയതുകൊണ്ട്.
C) ക്രിസ്ത്യാനികളുടെ ആരാധനയെക്കുറിച്ചുള്ള ദുർവ്യാഖ്യാനം.
D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല.

**36) ആദിമസഭയിൽ നടന്ന സുന്നഹദോസുകൾ കാലഗണനാക്രമത്തിൽ ശരിയായതു തെരഞ്ഞെടുക്കുക.**
**<u>A) നിഖ്യാ, കുസ്തന്തിനോപോലിസ്, എഫെസൂസ്, കൽക്കദോന്യ</u>**
B) നിഖ്യാ, എഫെസൂസ്, കുസ്തന്തിനോപോലീസ്, കൽക്കദോന്യ
C) നിഖ്യാ, കുസ്തന്തിനോപോലീസ്, കൽക്കദോന്യ, എഫെസൂസ്
D) നിഖ്യാ, എഫെസൂസ്, കൽക്കദോന്യ, കുസ്തന്തിനോപോലീസ്

**37) തന്നിരിക്കുന്നവയിൽ അറിയോസിന്റെ വേദവിപരീതം.**
**<u>A) പുത്രൻ പിതാവിനോടു സമനല്ല എന്ന വാദം.</u>**
B) പരിശുദ്ധാത്മാവ് താനാണെന്ന വാദം.
C) മറിയാമിനെ ദൈവപ്രസവിത്രി എന്നു വിളിക്കരുത് എന്ന വാദം.
D) ജ്ഞാന സമ്പാദനത്താൽ രക്ഷ കൈവരിക്കാനാവും.

**38) ഒന്നാം പേർഷ്യൻ കുടിയേറ്റവുമായി യോജിക്കുന്ന പ്രസ്താവന തെരഞ്ഞെടുക്കുക.**
**<u>A) A.D. 345 ലാണ് ഒന്നാം പേർഷ്യൻ കുടിയേറ്റം നടന്നത്.</u>**
B) A.D. 825 ലാണ് ഒന്നാം പേർഷ്യൻ കുടിയേറ്റം നടന്നത്.
C) ഒന്നാം പേർഷ്യൻ കുടിയേറ്റത്തിൽ എത്തിയവർക്ക് തരീസാപ്പള്ളി ചെപ്പേടു ലഭിച്ചു.
D) തന്നിരിക്കുന്ന ഉത്തരങ്ങൾ എല്ലാം ശരിയാണ്.

**39) മലങ്കര സഭയും പേർഷ്യൻ സഭയും തമ്മിലുള്ള ബന്ധം ശക്തമാകാൻ പ്രധാന കാരണം?**
**<u>A) രണ്ടു സഭകളും വിശുദ്ധ തോമ്മാശ്ലീഹായാൽ സ്ഥാപിതമാണ്.</u>**
B) രണ്ട് സ്ഥലങ്ങളും ക്രിസ്തുമതത്തിന്റെ ശക്തികേന്ദ്രങ്ങളാണ്.
C) രണ്ട് സ്ഥലങ്ങളും തമ്മിൽ വാണിജ്യബന്ധമുണ്ടായിരുന്നു.
D) രണ്ട് മതങ്ങളും ക്രൈസ്തവ മിഷനറിമാരെ മറ്റു രാജ്യങ്ങളിൽ അയച്ചിരുന്നു.

**40) തന്നിരിക്കുന്നവയിൽ വീരരാഘവ ചക്രവർത്തിയാൽ നൽകപ്പെട്ട ചെപ്പേട്?**
**<u>A) ഇരവികോർത്തൻ ചെപ്പേട്</u>**
B) ക്നായിത്തൊമ്മൻ ചെപ്പേട്
C) തരീസ്സാപള്ളി ചെപ്പേട്
D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല.

**41) യെശയ്യാ പ്രവാചകന്റെ നാവിനെ ശുദ്ധീകരിച്ച തീക്കനൽ വിശുദ്ധ കുർബാനയുടെ മുൻകുറിയായി കരുതുന്നതെന്തുകൊണ്ട്?**
**<u>A) തീക്കനൽ സ്പർശംകൊണ്ട് പാപപരിഹാരം ലഭിച്ചതുപോലെ വിശുദ്ധ കുർബാനമൂലം പാപപരിഹാരം ലഭിക്കുന്നു.</u>**
B) പ്രവാചകന്മാർ ദൈവത്തിന്റെ സന്ദേശവാഹകർ ആയതുകൊണ്ട്.
C) പ്രവാചകനു ലഭിച്ചത് ദൈവിക ദർശനം ആയതുകൊണ്ട്.
D) വിശുദ്ധ കുർബാന സ്ഥാപനത്തിൽ യെശയ്യാപ്രവാചകന്റെ പങ്കാളിത്തം ഉണ്ടായിരുന്നതുകൊണ്ട്.

**42) ജീവിച്ചിരിക്കുന്ന സഭാപിതാക്കന്മാരെ ഓർക്കുന്ന തുബ്ദേൻ.**
**<u>A) ഒന്നാം തുബ്ദേൻ</u>**
B) മൂന്നാം തുബ്ദേൻ
C) നാലാം തുബ്ദേൻ

D) അഞ്ചാം തുബ്ദേൻ

**43) ''പീഡിതരെയും ക്ലേശിതരെയും പ്രയാസപ്പെടുന്നവരെയും ദുഃഖിതരെയും ദരിദ്രരെയും അഗതികളെയും... പോറ്റിപുലർത്തിക്കൊള്ളണമേ.'' എന്ന പ്രാർത്ഥന ഏതു തുബ്ദേനോട് ബന്ധപ്പെടുത്തി ചൊല്ലുന്നതാണ്?**

**A) രണ്ടാം തുബ്ദേൻ**
B) അഞ്ചാം തുബ്ദേൻ
C) ആറാം തുബ്ദേൻ
D) മൂന്നാം തുബ്ദേൻ

**44) മാമ്മോദീസായിൽകൂടി ലഭിക്കുന്ന നൽവരങ്ങൾ എന്തൊക്കെ?**

**A) എല്ലാ ഉത്തരങ്ങളും ശരിയാണ്.**
B) വീണ്ടും ജനനം
C) പുത്ര സ്വീകാര്യം
D) പരിശുദ്ധാത്മ ദാനം

**45) വായിക്കുന്നത് ശരിയായി ഗ്രഹിക്കണമെന്ന് നമ്മെ ഉത്ബോധിപ്പിക്കുന്ന സംഭവം ഉൾക്കൊള്ളുന്ന വേദഭാഗം.**

**A) അപ്പൊസ്തോലപ്രവർത്തികൾ 8:26-40**
B) കൊലോസ്യർ 1:20-22
C) തെസ്സലോനിക്യർ 3:24-28
D) കൊരിന്ത്യർ 2:10-14

**46) 'സമൂഹം എനിക്കു തരുന്നതനുസരിച്ച് ഞാൻ സമൂഹത്തിനു നൽകിയിട്ടില്ല' എന്നു പ്രസ്താവിച്ച മലങ്കരസഭയിലെ പിതാവ്?**

**A) ഗീവർഗീസ് മാർ ഒസ്താത്തിയോസ്**
B) പത്രോസ് മാർ ഒസ്താത്തിയോസ്
C) പൗലോസ് മാർ ഗ്രിഗോറിയോസ്
D) വലിയ മാർ ബസേലിയോസ്

**47) നാല് പെണ്മക്കളും പ്രവാചകികളായിരുന്ന വ്യക്തി**

**A) പീലിപ്പോസ്**
B) സ്തേഫനോസ്
C) ബർണ്ണബാസ്
D) മർക്കോസ്

**48) കോട്ടയം പഴയസെമിനാരി പ്രവർത്തനം ആരംഭിച്ച വർഷം?**

**A) 1815**
B) 1912
C) 1934
D) 1958

**49) നാസിയാൻസിലെ മാർ ഗ്രിഗോറിയോസ് ദൈവശാസ്ത്രജ്ഞൻ എന്നറിയപ്പെടുവാൻ കാരണം?**

**A) എല്ലാ ഉത്തരങ്ങളും ശരിയാണ്**
B) ത്രിത്വത്തെക്കുറിച്ചുള്ള ദൈവശാസ്ത്രവീക്ഷണം.
C) ദൈവത്വവും മനുഷ്യത്വവും തമ്മിലുള്ള യോജിപ്പിനെ സംബന്ധിച്ച ദൈവശാസ്ത്രം വികസിപ്പിച്ചെടുത്തതുകൊണ്ട്.
D) വിശുദ്ധ ത്രിത്വത്തിൽ മൂന്ന് ക് നൂമായും ഏക സാരാംശവും ആണെന്ന് പഠിപ്പിച്ചു

**50) 'വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും ഉള്ളതല്ലോ? എന്ന പ്രഖ്യാപനത്തിൽനിന്നും മനസ്സിലാകുന്നത്.**

**A) എല്ലാ ഉത്തരങ്ങളും ശരിയാണ്.**
B) പരിശുദ്ധാത്മ പ്രാപ്തി കുഞ്ഞുങ്ങൾക്കും ലഭിക്കും.
C) ശിശുസ്നാനം വേദപുസ്തകാനുസൃതമാണ്.
D) ശിശുക്കൾക്കും വിശ്വസിക്കുവാനുള്ള കൃപ ഉണ്ട്.